LIBRARY ARCHIVES Kerala Legislative Assembly

## പാചകവാതക വിതരണ ഏജൻസികളിലെ വിജിലൻസ് റെയ്ഡ്

197 (4533) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാചകവാതക വിതരണ ഏജൻസികളിൽ സംസ്ഥാനവ്യാപകമായി വിജിലൻസ് നടത്തിയ റെയ്ഡിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയതെന്ന് വിശദീകരിക്കുമോ ;

(ബി) പ്രസ്തുത ഏജൻസികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് ; ആയതിലേക്കായി രണ്ടുമാസത്തിലൊരിക്കൽ പരിശോധന നടത്തുവാൻ ജില്ലാതല ഓഫീസർമാർക്ക് നിർദ്ദേശം നൽകുമോ ?

### ഉത്തരം

(എ) പാചകവാതക വിതരണ ഏജൻസികളിൽ 6-6-2014-ന് വിജിലൻസ് സംസ്ഥാന വ്യാപകമായി നടത്തിയ മിന്നൽ പരിശോധനയിൽ താഴെ പറയുന്ന ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

(i) സ്റ്റോക്ക് രജിസ്റ്ററിൽ ക്രമക്കേട്.

(ii) സിലിണ്ടർ വിതരണത്തിൽ ക്രമക്കേട്.

(iii) വിതരണ തൊഴിലാളികളുടെ പക്കൽനിന്നും അധിക തുക കണ്ടെത്തി.

(iv) അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല.

(v) ഉപഭോക്താക്കളോട് മോശമായി പെരുമാറുക.

(vi) ഗ്യാസ് കണക്ഷൻ അനുവദിക്കുന്നതിൽ അപാകത തുടങ്ങിയ ക്രമക്കേടുകൾ പരിശോധനയിൽ കണ്ടെത്തുകയുണ്ടായി.

(ബി) മിന്നൽ പരിശോധന സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നതായി വിജിലൻസ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. റിപ്പോർട്ടുകൾ ലഭ്യമാക്കുന്ന മുറയ്ക്കേ ക്രമക്കേടുകളും അതിൽ ഉൾപ്പെടുന്ന ഏജൻസികളുടെയും വ്യക്തവും ആധികാരികവുമായ വിശദാംശങ്ങൾ അറിയുവാൻ സാധിക്കുകയുള്ളൂ.

(സി) ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ ഗ്യാസ് ഏജൻസികളിൽ റെയ്ഡുകളും, മിന്നൽ പരിശോധനകളും മാസന്തോറും നടത്തുന്നുണ്ട്. എന്നിരുന്നാലും വിജിലൻസ് റെയ്ഡിൽ ക്രമക്കേടുകൾ കണ്ടെത്തിയതായ പത്രവാർത്തയുടെ അടിസ്ഥാനത്തിൽ, ഗ്യാസ് ഏജൻസികളിലെ റെയഡ്/മിന്നൽ പരിശോധനകൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുവാനും പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തുന്ന ഗ്യാസ് ഏജൻസികൾക്കെതിരെ മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ്ലൈൻസ് അനുശാസിക്കുന്നതരം നടപടികൾക്ക് ശിപാർശ ചെയ്യുവാനും പൊതുജനങ്ങളെ ഗ്യാസ് ഏജൻസികൾ ഏതെങ്കിലും രീതിയിൽ വഞ്ചിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ടി ഗ്യാസ് ഏജൻസികൾക്കെതിരെ ഉപഭോക്തൃഫോറങ്ങളിൽ കേസുകൾ രജിസ്റ്റർ ചെയ്യാനും എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഗ്യാസ് വിതരണ ഏജൻസികളുടെ പ്രവർത്തനം

198 (4534) ശ്രീമതി കെ. എസ്. സലീഖ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ഗ്യാസ് കമ്പനികൾ പൊതുവിതരണത്തിനായി സംസ്ഥാനത്താകമാനം എത്ര ഏജൻസികൾക്ക് അനുമതി നൽകിയിട്ടുണ്ട് ; ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ബി) 2011-ന് ശേഷം നാളിതുവരെ എത്ര ഏജൻസികളുടെ അംഗീകാരം റദ്ദാക്കിയിട്ടുണ്ട് ; ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(സി) ഗ്യാസ് വിതരണ ഏജൻസികൾ ഉപഭോക്താവിന് യഥാസമയം സിലിണ്ടർ നൽകാതെ വർഷാവസാനത്തിനുള്ളിൽ അനുവദിച്ചിട്ടുള്ള 12 സബ്സിഡി ഗ്യാസ് സിലിണ്ടറുകൾ വാങ്ങാൻ കഴിയാതെവരുന്നതും തുടർവർഷങ്ങളിലും ഇത്തരത്തിൽ സംഭവിക്കുന്നതും അതിലൂടെ ഏജൻസികൾ വെട്ടിപ്പുനടത്തി ഉപഭോക്താവിനെ കബളിപ്പിക്കുന്നതും തടയുവാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഗ്യാസ് ഏജൻസികൾ തിരിമറി നടത്തുന്നത് തടയുവാനായി സിവിൽ സപ്ലൈസ് ഓഫീസുകളിൽ പരാതി പരിഹാര കൗണ്ടറുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഏജൻസികൾക്ക് ഓരോന്നിനും എത്ര കണക്ഷനുകളുടെ ക്വാട്ടയാണ് കമ്പനികൾ നിശ്ചയിച്ചിട്ടുള്ളത് ; കൂടുതൽ കണക്ഷനുകൾ ഏതൊക്കെ ഏജൻസികളാണ് കൈകാര്യം ചെയ്യുന്നത് ; അവ എത്രവീതമെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഗ്യാസ് വിതരണ ഏജൻസികളുടെ പ്രവർത്തനം കുറ്റമറ്റതാക്കാൻ, കൂടുതൽ കണക്ഷനുകളുള്ളവ ക്രമീകരിച്ച് പുതിയ ഏജൻസികൾ തുടങ്ങുവാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly